അനുസരിച്ച് നിയമിക്കാൻ ബോർഡ് തയ്യാറാണ്. അതേയവസരത്തിൽ അനാവശ്യമായി സ്റ്റാഫിനെ കൂട്ടാൻ ബോർഡ് ഒരുക്കമില്ലെന്നുള്ള കാര്യം കൂടി ഞാൻ അറിയിക്കുന്നു. ഏതായാലും ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാണ്. ഭാവിയിൽ ഇതുപോലുള്ള കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളാനും ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) വയനാട് ജില്ലയിൽ കൃഷിക്കാരും തോട്ടം തൊഴിലാളികളും മറ്റും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സർ, വയനാട് ജില്ലയിലെ കൃഷിക്കാരുടെയും തോട്ടം തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും ദുരിതമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വയനാട് ജില്ലയിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന ഒരു ജില്ലയായി, ദുരിതംമൂലം പ്രയാസമനുഭവിക്കുന്ന, കടത്തിൽ മുങ്ങിയ കൃഷിക്കാരുടെ ഒരു നാടായി വയനാട് മാറിയിരിക്കുകയാണ്. വിലത്തകർച്ചമൂലം 1003 കോടി രൂപയുടെ നഷ്ടമാണ് ഒരു വർഷമുണ്ടാകുന്നത്. കാപ്പി, കുരുമുളക്, തേയില തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ വില തകർന്നിരിക്കുകയാണ്. ഈ നാലു കൊല്ലംകൊണ്ട് നാലായിരം കോടി രൂപയുടെ നഷ്ടമുണ്ടായി. 700 കോടി രൂപയുടെ കടമാണ് കൃഷിക്കാർക്കുള്ളത്. 50,000 രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതി തള്ളണമെന്നു പറഞ്ഞുകൊണ്ട് കേന്ദ്രത്തിലേക്കു നമ്മളെല്ലാം കൂടി ഒരു നിവേദനം കൊടുത്തിരുന്നു. സർക്കാർ അതു ഫോളോഅപ്പ് ചെയ്തില്ല. കേന്ദ്രത്തിൽ നിന്നും ഇക്കാര്യത്തിൽ ആനുകൂല്യം വാങ്ങിയെടുക്കാൻ തീരുമാനിക്കണം. വയനാട് ജില്ലയ്ക്ക് 90 കോടി രൂപയുടെ പാക്കേജാണ് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചത്. 2001 മാർച്ച് 31-നുശേഷം 2006 വരെയുള്ള കൃഷിക്കാരുടെ കടത്തിന്റെ പലിശ ഏതാണ്ട് 90 കോടി രൂപ വരും. ആ പലിശയിളവാണ് സർക്കാർ പ്രഖ്യാപിച്ചത്. നാഷണലൈസ്ഡ് ബാങ്കുകളെ ഒഴിവാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കു മാത്രമാണ് ബാധകമാക്കിയത്. അതു നാഷണലൈസ്ഡ് ബാങ്കുകൾക്കുകൂടി ബാധകമാക്കാൻ കേന്ദ്രത്തിന്റെ സഹായം തേടണം. പക്ഷേ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച 90 കോടി രൂപയുടെ പാക്കേജിൽ ഉൾപ്പെടുന്ന ആനുകൂല്യങ്ങളൊന്നും ഇതുവരെയും അനുവദിച്ചിട്ടില്ല. ഇക്കഴിഞ്ഞ മാർച്ച് 31-ാം തീയതി കൊടുക്കുമെന്നാണ് പറഞ്ഞത്. ജൂലൈ 15-ന് നിയമസഭാസമ്മേളനം ആരംഭിച്ചതിനുശേഷം അവിടത്തെ പനമരം, വൈത്തിരി കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റുമാരുടെയും സഹകാരികളുടെയും യോഗം വിളിച്ചു ചേർത്തു. 30 കോടി രൂപ ജൂലൈ 15-ാം തീയതിക്കകം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുമെന്നു പറഞ്ഞതാണ്. അതും ഫൈനാൻസിന്റെ ക്ളിയറൻസ് കിട്ടാത്തതുകൊണ്ട് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഫലത്തിൽ സഹകരണ ബാങ്കുകൾക്ക് പുനർ വായ്പ കൊടുക്കാൻ കഴിയുന്നില്ല. അവരുടെ കയ്യിൽ കാശില്ല. സർക്കാർ കൊടുക്കുമെന്നു പറഞ്ഞതു പ്രകാരം കടമുള്ള കൃഷിക്കാരുടെ കാര്യത്തിൽ എത്ര വരവു വച്ചു? അങ്ങനെ വരവു വച്ചതിന്റെ ഫലമായി സംഘങ്ങൾക്കു മുന്നോട്ടു പോകാൻ കഴിയുന്നില്ല. 12 തോട്ടമാണ് പൂട്ടിയത്. പൂട്ടിയ തോട്ടം തൊഴിലാളികൾക്ക് സ്ഥിരമായി റേഷൻ കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. 2001-നുശേഷം ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ എണ്ണം, വയനാട്ടിൽ മാത്രം 400 ഉണ്ട്. ഇപ്പോൾ അഞ്ചു ദിവസം കൂടുമ്പോൾ ഒരു കൃഷിക്കാരൻ വീതം അവിടെ മരിക്കുകയാണ്. ഏറ്റവും ഒടുവിൽ ജൂലൈ 13-ന് വയനാട്ടിൽ ഒരു ആത്മഹത്യ ഉണ്ടായി. ദയനീയമാണ് അവിടത്തെ സ്ഥിതി. 152 കുടുംബങ്ങൾക്കു മാത്രമേ ഇതിനകം ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളൂ. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപയാണ് ആനുകൂല്യം കൊടുത്തത്. അത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. 400 കുടുംബങ്ങൾക്കും കൊടുക്കാൻ കഴിയുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കണം. വളരെ ദയനീയമാണ് വയനാടിന്റെ സ്ഥിതി. അതങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഈ സബ്മിഷൻ.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻചാണ്ടി):* ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു വളരെ ഗൗരവമായ ഒരു സംഗതി തന്നെയാണ്. വയനാട് ജില്ല, കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെ തുടർന്ന് വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിലാണ്. ഗവൺമെന്റ് അതു നല്ലതുപോലെ മനസ്സിലാക്കുന്നുണ്ട്. ഇപ്പോൾ അവർക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നത് ക്ഷീരോല്പാദക രംഗത്ത് നിന്നാണ്. അതാണ് വയനാട് ജില്ലയെ സാമ്പത്തികമായി അല്പമെങ്കിലും പിടിച്ചു നിർത്തുന്നത്. മറ്റു കാർഷികോല്പന്നങ്ങളുടെ വിലയിടിവ് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് വയനാടു ജില്ലയ്ക്കുവേണ്ടി ഒരു പ്രത്യേക പാക്കേജു തയ്യാറാക്കി അതു നടപ്പാക്കി വരുന്നത്. ആദ്യം മൂന്നു കൊല്ലത്തേയ്ക്ക് 50,000 രൂപ വരെയുള്ള കാർഷികകടങ്ങൾക്ക് പലിശ ആനുകൂല്യം നൽകി. അതു മൂന്നു കൊല്ലമെന്നുള്ളതു അഞ്ചു കൊല്ലമാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കു മാത്രമാണ് ഇതു ചെയ്തിട്ടുള്ളത്. നാഷണലൈസ്ഡ് ബാങ്കിന്റെ കാര്യത്തിൽ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ സമീപിച്ചിരിക്കുകയാണ്. ഞാൻ നേരിട്ടു തന്നെ കേന്ദ്ര ധനകാര്യ മന്ത്രിയായ ശ്രീ. പി. ചിദംബരവുമായി ഇക്കാര്യം സംസാരിച്ചു. അദ്ദേഹം തന്നിട്ടുള്ള മറുപടി അത്ര പോസിറ്റീവല്ല. അദ്ദേഹം പറഞ്ഞു അങ്ങനെ അവർക്ക് ഒരു ജില്ലയ്ക്കുവേണ്ടി മാത്രമായിട്ടു ഒരു സ്കീം കൊണ്ടു വരാൻ എങ്ങനെ സാധിക്കും എന്നാണ്. നാഷണലൈസ്ഡ് ബാങ്കിന്റെ മൊത്തത്തിലുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്കീമിനെക്കുറിച്ചു മാത്രമേ ചിന്തിക്കാൻ പറ്റൂവെന്നു പറഞ്ഞു. മൊത്തത്തിലാണെങ്കിൽ കർഷകർക്കുവേണ്ടി ചില സഹായപദ്ധതികൾ കൊണ്ടു വരാമായിരുന്നു. പക്ഷേ അതു നാം ഉദ്ദേശിക്കുന്ന രീതിയിലേയ്ക്കു വരുന്നില്ല. ഏതായാലും മറ്റു നാഷണലൈസ്ഡ് ബാങ്കുകളിലേയ്ക്കു കൂടി ഇതു കൊടുക്കത്തക്ക വിധത്തിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പാക്കേജിൽ മുഴുവൻ തുകയും കൊടുത്തിട്ടില്ല എന്നു പറഞ്ഞതു ശരിയാണ്. അതു കൊടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്തു. സാമ്പത്തിക ബുദ്ധിമുട്ടു കൊണ്ടാണ് ഇത്രയും താമസം ഉണ്ടായത്. ഏതായാലും ഇനി താമസം ഉണ്ടാകാത്ത വിധത്തിൽ അതു നൽകുന്നതാണ്. പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികളുടെ പ്രശ്നം ഗവൺമെന്റിനു നന്നായി അറിയാം. അവർക്ക് സൗജന്യ റേഷൻ ഒരു പരിധി വരെ നൽകുന്നുണ്ട്. അതു തുടരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. 180 കർഷകർ ആത്മഹത്യ ചെയ്തു എന്നാണ് ഗവൺമെന്റിനു ലഭിച്ച കണക്ക്. അതിൽ 167 പേരുടെ കുടുംബങ്ങൾക്കും ആനുകൂല്യം കൊടുത്തു കഴിഞ്ഞു. ബാക്കിയുള്ള കുടുംബങ്ങൾക്ക് ഉടനെ ആനുകൂല്യം നൽകുന്നതാണ്.

(3) പാകിസ്ഥാൻ പൗരത്വം സ്വീകരിക്കുവാൻ നിർബന്ധിതരായ കേരളീയരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. പി. കെ. കെ. ബാവ: സർ, പിറന്ന നാട്ടിൽ ജീവിക്കാൻ വേണ്ടി കേഴുന്ന ഒരു വിഭാഗം ഹതഭാഗ്യരായ മനുഷ്യരുടെ മാനുഷിക പരിഗണനയർഹിക്കുന്ന ഒരു വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടു വരുന്നത്. ജോലി ആവശ്യാർത്ഥം പാകിസ്ഥാനിൽ പോയി അവിടത്തെ പൗരത്വം സ്വീകരിക്കാൻ നിർബന്ധിതരായ നിർഭാഗ്യവാന്മാരായ കേരളീയർ പ്രായാധിക്യവും അനാരോഗ്യവുംമൂലം ഏറെ കഷ്ടപ്പെടുന്നതിനിടയിൽ അവരെ പാകിസ്ഥാനിലേയ്ക്കു തന്നെ തിരികെ അയയ്ക്കാൻ പോലീസും അധികൃതരും നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. മലബാർ ഭാഗത്ത് ഇവർ ഏതാണ്ട് നാനൂറോളം പേരുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് ഇവരുടെ കാര്യത്തിൽ അങ്ങേയറ്റത്തെ മാനുഷിക പരിഗണനയാണ് നൽകിയത്. ഇതിന്റെ ഫലമായി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആറായിരത്തോളം പേർക്ക് അവരവരുടെ സംസ്ഥാനങ്ങളിൽ തന്നെ ജീവിക്കാനുള്ള അവസരമുണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ സമയത്ത് ഓർമ്മിപ്പിക്കുകയാണ്. ഭക്ഷണം കഴിക്കാൻപോലും പരസഹായം ആവശ്യമായിട്ടുള്ള, ഹതഭാഗ്യരായിട്ടുള്ള, ഇവർ അങ്ങേയറ്റം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ മുഖ്യമന്ത്രിയിലും ഗവൺമെന്റിലും ഏറെ പ്രതീക്ഷയുമായി കഴിഞ്ഞു കൂടുകയാണ്. ഇവരെ അവിടെത്തന്നെ കുടുംബത്തോടൊപ്പം ജീവിക്കാനല്ല

LIBRARY ARCHIVES Kerala Legislative Assembly